കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ-അച്ചടി ജോലികൾ ഗ്രാമലക്ഷ്മി മുദ്രാലയത്തെ ഏല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ജെ) വകുപ്പ്

സ:ഉ:(എം.എസ്)നം.285/2004/തസ്വഭവ. തിരുവനന്തപുരം,തീയതി,24/09/04

---

പരാമർശം:- 1, 5/5/88-ലെ സ:ഉ(എം.എസ്സ്) 64/88/തഭവ നമ്പർ ഉത്തരവ്.

2. 20/2/89-ലെ സ:ഉ:(ആർ.റ്റി)539/89/തഭവ നമ്പർ ഉത്തരവ്.

3.ക്രൂസ് സെക്രട്ടറിയുടെ 10/2/04-ലെ എ-65/04 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അച്ചടി സംബന്ധമായ ജോലികൾ നടത്തുക, ബുക്കുകൾ, രജിസ്റ്ററുകൾ, ഫാറങ്ങൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്യുക എന്നീ കാര്യങ്ങൾ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 'ഗ്രാമലക്ഷ്മി മുദ്രാലയം' മുഖേന മാത്രം നടത്തുന്നതിനു പരാമർശ പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ എന്നിവയുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റത്തക്ക രീതിയിൽ മുദ്രാലയം സജ്ജമായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ എന്നിവയുടെ അച്ചടി സംബന്ധമായ എല്ലാ ജോലികളും (രജിസ്റ്ററുകൾ, രസീതു ബുക്കുകൾ എന്നിവ തയ്യാറാക്കുന്ന-തുൾപ്പെടെ) മറ്റു ഏജൻസികൾ മുഖേന ഏർപ്പാടു ചെയ്യുവാൻ പരാമർശം 2 പ്രകാരം ഉത്തരവായി.

(........2)

ഗ്രാമലക്ഷ്മി മുദ്രാലയത്തിൻെറ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്ന സാഹചര്യത്തിൽ പരാമർശം 2-ലെ ഉത്തരവ് റദ്ദ് ചെയ്ത് മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ എന്നിവയുടെ അച്ചടി സംബന്ധമായ എല്ലാ ജോലികളും (രജിസ്റ്ററുകൾ, രസീതു ബുക്കുകൾ എന്നിവ തയ്യാറാക്കുന്നതുൾപ്പെടെ) ഗ്രാമലക്ഷ്മി മുദ്രാലയത്തെ ഏല്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ആർ.സുരേന്ദ്രൻ

അണ്ടർ സെക്രട്ടറി

എല്ലാ കോർപ്പറേഷൻ കമ്മീഷണർമാർ (മേയർമാർ വഴി)
" മുൻസിപ്പൽ കമ്മീഷണർമാർ (ചെയർമാൻ വഴി)
" ഡവലപ്മെൻറ് അതോറിറ്റി സെക്രട്ടറിമാർ
നഗരസഭാ ഭരണ വകുപ്പ് ഡയറക്ടർക്ക്.
ചീഫ് ടൗൺ പ്ലാനർക്ക്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള റൂറൽ എംപ്ലോയ്മെൻറ് ആൻറ് വെൽഫെയർ സൊസൈറ്റി, ഗ്രാമലക്ഷ്മി പ്രിൻറിംഗ് പ്രസ്സ്, പാലക്കാട്.
ഓഫീസ് കോപ്പി/കരുതൽ ഫയൽ.
പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ